# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 301** **27-09-2016-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് സ്കീം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എൻ. ഷംസീർ | | ഡോ. ടി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) | കാരുണ്യ ലോട്ടറി വിൽപന വഴി ഇതുവരെ എത്ര കോടി രൂപ സമാഹരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളുടെ വിൽപനയിലൂടെ 2016 സെപ്റ്റംബർ 17 വരെ 5132.41 കോടി രൂപ സമാഹരിക്കുകയും, ചെലവ് (സമ്മാനം, ഏജന്റ്സ് കമ്മീഷൻ, ഡിസ്കൗണ്ട്, അച്ചടിക്കൂലി, പരസ്യം, നികുതി) കഴിഞ്ഞ് ഏകദേശം 1038.97 കോടി രൂപ അറ്റാദായം/ലാഭമായി ലഭിച്ചിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | കാരുണ്യ ലോട്ടറി | | കാരുണ്യ പ്ലസ് ലോട്ടറി | |
|---|---|---|---|---|
| | വിറ്റുവരവ് (കോടി രൂപയിൽ) | ഏകദേശ ലാഭം (കോടി രൂപയിൽ) | വിറ്റുവരവ് (കോടി രൂപയിൽ) | ഏകദേശ ലാഭം (കോടി രൂപയിൽ) |
| 2011-12 | 188.87 | 38.96 | -- | -- |
| 2012-13 | 464.61 | 105.25 | -- | -- |
| 2013-14 | 602.10 | 132.02 | -- | -- |
| 2014-15 | 695.27 | 141.80 | 681.92 | 131.40 |
| 2015-16 | 803.45 | 155.59 | 823.91 | 147.96 |
| 2016-17 (സെപ്റ്റംബർ 17 വരെ) | 447.77 | 98.24 | 424.51 | 87.75 |
| ആകെ | 3202.07 | 671.86 | 1930.34 | 367.11 |

| | | | |
|---|---|---|---|
| **(ബി)** | കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം എത്ര കോടി രൂപ രോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | **(ബി)** | കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായമായി സർക്കാർ ആശുപത്രികൾക്ക് 726.02 കോടി രൂപയും, സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികൾക്ക് 85.87 കോടി രൂപയും, പ്രത്യേകാനുമതി പ്രകാരം 5.17 കോടി രൂപയും, ഒറ്റത്തവണ സമാശ്വാസ പദ്ധതിക്കായി 12.58 കോടി രൂപയും, റീഇംബേഴ്സ്മെന്റ് ഇനത്തിൽ 4.04 കോടി രൂപയും ഉൾപ്പെടെ ആകെ 833.68 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| **(സി)** | പ്രസ്തുത തുകയിൽ എത്ര കോടി രൂപ രോഗികളുടെ ചികിത്സയ്ക്ക് ശേഷവും ഓരോ ആശുപത്രിയുടെയും അക്കൗണ്ടിലുണ്ട്; വ്യക്തമാക്കാമോ; | **(സി) & (ഡി)** | രോഗികളുടെ ചികിത്സയ്ക്ക് ശേഷം ഓരോ ആശുപത്രിയുടേയും അക്കൗണ്ടിൽ അവശേഷിച്ചിട്ടുള്ള തുകയുടെ കണക്ക് ആശുപത്രികൾ നൽകുന്നില്ല. ആയതിനാൽ അവ ലഭ്യമല്ല.<br>അവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഏതെല്ലാം ആശുപത്രിയുടെ അക്കൗണ്ടിലാണ്. പ്രസ്തുത തുക രണ്ട് കോടിയിലധികമുള്ളത്; ആശുപത്രികളുടെ പേരും 31-08-2016-ന് അവരുടെ കൈവശമുള്ള തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ; | | |
| **(ഇ)** | രോഗികളുടെ ചികിത്സയ്ക്ക് ശേഷം ബാക്കി വരുന്ന തുക തിരിച്ചെടുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | (ഇ) | കാരുണ്യബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾക്ക് നൽകുന്ന തുകയിൽ ഉപയോഗിച്ചു കഴിഞ്ഞ് ബാക്കി വരുന്ന തുക അടിയന്തിരമായി തിരിച്ചടയ്ക്കാൻ തുക നൽകുന്ന ഉത്തരവിൽ തന്നെ നിർദ്ദേശം നൽകാറുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ആശുപത്രികൾക്ക് നിരന്തരം നിർദ്ദേശങ്ങൾ നൽകി വരുന്നു. |

| | | | |
|---|---|---|---|
| | കാരുണ്യ ബെനവലന്റ് സ്കീം ഹെഡ്ക്വാർട്ടറിൽ എത്ര പേർ ജോലി ചെയ്യുന്നു; ഇവർക്ക് ഒരു വർഷം ശമ്പള ഇനത്തിൽ എന്ത് തുക ചെലവാകുന്നു എന്ന് വ്യക്തമാക്കാമോ; | (എഫ്) | കാരുണ്യ ബനവലന്റ് ഫണ്ട് ഹെഡ് ഓഫീസിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ഇപ്പോൾ 28 പേർ ജോലി ചെയ്തു വരുന്നു.<br>2015-16 സാമ്പത്തിക വർഷത്തിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ 35 പേർ ജോലി ചെയ്തിരുന്നു. ഇവർക്കായി 44,10,224/- രൂപ (നാൽപത്തി നാല് ലക്ഷത്തി പതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) ശമ്പള ഇനത്തിൽ ചെലവായിട്ടുണ്ട്.<br>കൂടാതെ സ്ഥിരം തസ്തികയിൽ 5 ജീവനക്കാർ ജോലി ചെയ്യുന്നു. പ്രസ്തുത ജീവനക്കാർക്ക് ശമ്പള ഇനത്തിൽ പ്രതിവർഷം ഏകദേശം 35,07,084/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി ഏഴായിരത്തി എൺപത്തിനാല് രൂപ മാത്രം) ചെലവാകുന്നുണ്ട്. |
| (ജി) | കാരുണ്യ ബെനവലന്റ് സ്കീമിന്റെ ഭരണനിർവ്വഹണ ചെലവ് പരിമിതപ്പെടുത്താൻ ഓഫീസ് ഓട്ടോമേഷൻ പൂർണമായും നടപ്പിലാക്കുമോ; കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം ഒ.പി. ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ 3000 രൂപ വരെ നൽകുന്ന പദ്ധതിയിലെ വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ? | (ജി) | കാരുണ്യ ബനവലന്റ് സ്കീമിന്റെ ഭരണ നിർവ്വഹണ ചെലവ് പരിമിതപ്പെടുത്താൻ സോഫ്റ്റ്‌വെയർ നവീകരണം ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>ഒ.പി. ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ 3000 രൂപ (മൂവായിരം രൂപ) വരെ നൽകുന്ന പദ്ധതിയിലെ സുതാര്യമില്ലായ്മയും ഫലക്കുറവും മൂലം പ്രസ്തുത പദ്ധതി ഇപ്പോൾ തുടരുന്നില്ല. |

സെക്ഷൻ ഓഫീസർ.